**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 – വികസന ഫണ്ട് - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് - മരുതൂർക്കോണം പി.ടി.എം.വി.ച്ച്.എസ്.എസ്. ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപികയായി വിരമിച്ച ശ്രീമതി.പ്രസന്ന കുമാരി എസ് ന്റെ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കിയ തുക തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്. സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം.754/2021/ധന　　　　തീയതി, തിരുവനന്തപുരം, 28 ജനുവരി 2021

---

പരാമർശം. 1) അനൗദ്യോഗിക ഫയൽ നം. GEDN-A3/242/2019-G.EDN
2) സ.ഉ.(സാധാ)നം.7325/2020/ധന തീയതി 18/12/2020

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മരുതൂർക്കോണം പി.ടി.എം. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ ആഡിറ്റിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച ബാധ്യത തുകയായ 4,36,000/- രൂപ ടി സ്കൂളിലെ പ്രധാനാദ്ധ്യാപികയായി സർവീസിൽ നിന്നും വിരമിച്ച ശ്രീമതി എസ്. പ്രസന്നകുമാരിയുടെ ഡി.സി.ആർ.ജിയിൽ നിന്നും റിക്കവർ ചെയ്ത് 3604-00-911-99-Recoveries of Over Payments-NP-V ശീർഷകത്തിൽ ഒടുക്കുകയുണ്ടായി. ടി തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാരി ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത 15991/2019 ാം നം റിട്ട് ഹർജി യിന്മേൽ 28/06/2019 ലെ ഇടക്കാല ഉത്തരവിൽ 1 മുതൽ 4 വരെയുള്ള എതിർ കക്ഷികളും കൂടാതെ 7 ാം എതിർ കക്ഷിയും 2 മാസത്തിനുള്ളിൽ ടിയാരിയുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച നൽകുവാൻ ഉത്തരവായത് 18/10/2019 ലെ Cont.Case (C) No..1778/2019 പ്രകാരം അന്തിമ വിധിയാകുകയും ചെയ്തു.

2) വിദ്യാഭ്യാസ ഉപ ഡയറക്ടർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിക്കുകയും സംസ്ഥാന ഓഡിറ്റ് ഡയറക്ടറോട് സ്പഷ്ടീകരണം ആവശ്യപ്പെടുകയും ചെയ്തത് പ്രകാരം പദ്ധതി രേഖകൾക്കും സബ്സിഡി മാനദണ്ഡങ്ങൾക്കും വിരുദ്ധമായി മരുതൂർക്കോണം പി . റ്റി . എം . വി . എച്ച് . എസ് . എസ് സ്കൂളിലെ കുട്ടികൾക്കായി പാരലൽ കോളേജിന് ട്യൂഷൻ എടുക്കുന്നതിന് അനുമതി നൽകി പദ്ധതി ഫണ്ടിനുണ്ടാക്കിയ നഷ്ടം ഇംപ്ലിമെന്റിംഗ് ഓഫീസറായ ഉപ വിദ്യാഭ്യാസ ഡയറക്ടറുടെ ബാധ്യതയായി നിശ്ചയിക്കുകയും ശ്രീമതി.പ്രസന്ന കുമാരി എസ് നെ ബാധ്യതയിൽ നിന്നും ഒഴിവാക്കുകയും ടിയാരിയുടെ ഡി.സി.ആർ.ജി. യിൽ നിന്നും 3604-11-911(ROP) എന്ന കണക്ക് ശീർഷകത്തിൽ ഒടുക്കിയ 4,36,000/- രൂപ ടിയാരിക്ക് തിരികെ അനുവദിക്കുവാനും ഉത്തരവായിട്ടുണ്ട്.

3) ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടുകൾക്കായുള്ള 3604-00-200-86-(03)-35-NP-V' ശീർഷകത്തിൽ നിന്നുമാണ് 'മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി' യുടെ ചെലവുകൾ നേരിട്ടിരുന്നത്. മേൽ തുക പരാമർശം (2) പ്രകാരം അധിക ധനാനുമതിയായി ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മരുതൂർക്കോണം പി.ടി.എം. വി.ച്ച്.എസ്.എസ്. ഹൈസ്കൂളിൽ നിന്നും 31/05/2015-ൽ പ്രഥമാദ്ധ്യാപികയായി വിരമിച്ച ശ്രീമതി.പ്രസന്ന കുമാരി എസ് ന്റെ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കിയ 4,36,000/- രൂപ (നാല് ലക്ഷത്തി മുപ്പത്തി ആറായിരം രൂപ മാത്രം) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് 3604-00-200-86-(03)-35 -NP-V എന്ന കണക്ക് ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു. മരുതൂർക്കോണം പി.ടി.എം. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് മേൽ തുകയ്ക്കുള്ള അലോട്ട്മെന്റ് അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. മരുതൂർക്കോണം പി.ടി.എം. വി.എച്ച്.എസ് സ്കൂൾ പ്രഥമാദ്ധ്യാപിക/ പ്രഥമാദ്ധ്യാപകൻ പ്രസ്തുത തുക മാറി ശ്രീമതി പ്രസന്ന കുമാരിക്ക് നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ ബി**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

ശ്രീമതി. പ്രസന്ന കുമാരി, 'ശ്രീ', കോട്ടുകാൽ പി.ഒ, ബാലരാമപുരം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ (എ) വകുപ്പ് (GEDN-A3/210/2020-G.EDN)
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ പെൻഷൻ-ബി) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1004942)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.